**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 448** — **11-08-2021 - ൽ മറുപടിയ്ക്ക്**

**ലഹരിയുടെ ഉപയോഗം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | യുവജനങ്ങൾക്കിടയിലെ ലഹരിയുടെ ഉപയോഗം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും, ഇന്റലിജൻസ് വിഭാഗവും, എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിപണനം, എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം മുൻ നിർത്തി രൂപം നൽകിയ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ആഭിമുഖ്യത്തിൽ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് യുവാക്കൾക്കും കുട്ടികൾക്കും പകർന്ന് നല്കുന്നതിനായി ഷോർട്ട് ഫിലിം, സംവാദം, പ്രഭാഷണം തുടങ്ങിയ പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവമാധ്യമങ്ങൾ വഴിയും സംപ്രേക്ഷണം ചെയ്തു വരുന്നു. ലഹരിക്കെതിരെ ശരിയായ അവബോധം നൽകുന്നതിന് പ്രശസ്തരായ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുടെ ചെറു വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് മുതലായ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് വരുന്നു. |
| (ബി) | സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കോളേജ് തലത്തിൽ 899 ക്ലബ്ബുകളും, സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാത്ത എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പ്രതിരോധിക്കുന്നതിനായി പ്രൊഫഷണൽ കോളേജ് ക്യാമ്പസ്സിനുള്ളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ലഹരിയുടെ ഉപയോഗത്തിനെതിരെ പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിന് നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ എന്തെല്ലാം സന്ദേശ പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ലഹരിയുടെ ഉപയോഗത്തിനെതിരെ പൊതുജനങ്ങൾക്ക് ശരിയായ അവബോധം നൽകുന്നതിനായി ഷോർട്ട് ഫിലിം, സംവാദം, പ്രഭാഷണം തുടങ്ങിയ പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവ മാധ്യമങ്ങൾ വഴിയും പ്രചരിപ്പിച്ച് വരുന്നു. ലഹരിക്കെതിരെ ശരിയായ അവബോധം നൽകുന്നതിന് പ്രശസ്തരായ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുടെ ചെറു വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് മുതലായ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും, കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ രക്ഷകർത്താക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ, വിഷയ വിദഗ്ധർ, കലാ സാഹിത്യ രംഗത്തെ പ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി എല്ലാ മാസവും വെബിനാറുകൾ നടത്തുകയും, വിവിധ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ